ഉൾപ്പെടുത്തി കോറിഡോർ അപ്രോച്ചിൽ ഘട്ടം ഘട്ടമായി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. പുതുതായി ഭരണിക്കാവ് മുതൽ പത്തനംതിട്ട വഴി വണ്ടിപ്പെരിയാറിലേക്കുള്ള എൻ.എച്ച് 183 എയും അടിമാലി മുതൽ ഇടുക്കി വഴി വണ്ടിപ്പെരിയാറിലേക്കുള്ള എൻ.എച്ച് 185 ഉം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിനെ കഴക്കൂട്ടം ബൈപ്പാസും എൻ.എച്ച് 47 ഉം ആയി ബന്ധിപ്പിക്കുന്ന റോഡ്, എൻ.എച്ച് 17 ഉം കണ്ണൂർ എയർപോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ്, ദേശീയപാത 47 ൽ ആലപ്പുഴയിൽ തുടങ്ങി ചങ്ങനാശ്ശേരി വഴി 14-ാം മൈലിൽ എത്തുന്ന റോഡ്, പുതുതായി പ്രഖ്യാപിച്ച ദേശീയപാത 183 എ-യിൽ ളാഹ മുതൽ തീർത്ഥാടന കേന്ദ്രമായ പമ്പയുമായി ബന്ധപ്പെടുത്തുന്ന റോഡ് എന്നിവ ദേശീയ പാതകളായി പ്രഖ്യാപിക്കുവാൻ വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇതിലേയ്ക്കായി അനുകൂലമായ നടപടികളാണ് കേന്ദ്ര സർക്കാർ എടുത്തു വരുന്നത്. പുതുതായി പ്രഖ്യാപിച്ച ദേശീയപാത 183 എ, 185 എന്നിവയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതി 2015-16 ൽ 100 കോടി രൂപയുടെ പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഹൈവേ വികസനത്തിന് കേരളം സ്ഥലം ഏറ്റെടുത്ത് നൽകുന്ന കാര്യത്തിൽ അനാസ്ഥ കാണിക്കുന്നതായി നാഷണൽ ഹൈവേ അതോറിറ്റി പരാതി ഉന്നയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്ഥലമേറ്റെടുക്കുന്നതിനെതിരെയുള്ള ജനങ്ങളുടെ എതിർപ്പുകാരണം നാഷണൽ ഹൈവേ 17 ഉം നാഷണൽ ഹൈവേ 47 ഉം 45 മീറ്റർ വീതിയിൽ 4 വരിയായി വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ ഈ ഭാഗത്തെ ദേശീയപാതാ വികസനത്തിൽനിന്നും ദേശീയപാതാ അതോറിറ്റി പിൻവാങ്ങിയെങ്കിലും സംസ്ഥാന സർക്കാർ നൽകിയ

| | | | |
|---|---|---|---|
| | | | ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ തീരുമാനം കേന്ദ്ര സർക്കാർ പുന:പരിശോധിക്കാൻ തയ്യാറായിട്ടുണ്ട്. |
| (സി) | എൻ .എച്ച്-17 ൽ കാസർഗോഡിനപ്പുറം കർണ്ണാടക സർക്കാറിന്റെ പരിധിയിലുള്ള ഭാഗത്തിന്റെ ഹൈവേ വികസന പദ്ധതി പൂർത്തിയായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാന സർക്കാർ ഹൈവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് വരുത്തുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ? | (ഡി) | സ്ഥലമെടുപ്പിലുണ്ടായ കാലതാമസം സംസ്ഥാന സർക്കാരിന്റെ അനാസ്ഥകൾ കൊണ്ടല്ല. മറിച്ച് പദ്ധതി ബാധിതരിൽ നിന്നും ഉണ്ടാകുന്ന ശക്തമായ എതിർപ്പുകളാണ് സ്ഥലമെടുപ്പുമായി മുന്നോട്ട് പോകുവാൻ തടസ്സമാകുന്നത്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച ശേഷം സ്ഥലമെടുപ്പ് നടപടികൾ ഉടൻ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3154** **15.12.2015-ൽ മറുപടിക്ക്**

## ദേശീയപാത വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | **ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്**<br>**പൊതുമരാമത്ത് വകുപ്പ് മന്ത്രി** |
| (എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സ്ഥലമെടുപ്പിലുള്ള കാലതാമസം കാരണം ദേശീയപാത 47 (പുതിയ എൻ.എച്ച് 66)ന്റെ തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള വികസനത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിൻമാറുകയുണ്ടായി. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നിരന്തരം ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് G.O(Ms) നം.94/2014/PWD dated 25.10.2014 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനു വേണ്ടിയുള്ള ഡി.പി.ആർ തയ്യാറാക്കാൻ കേന്ദ്ര സർക്കാർ ടെണ്ടർ വിളിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര മന്ത്രാലയം ദേശീയപാത 47 (പുതിയ എൻ.എച്ച്. 66 ന്റെ) തുടർന്നുള്ള ഭാഗത്തിന്റെ നിർമ്മാണം പുനരാരംഭിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് ദേശീയപാതകളായ എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 220 എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ |